# സത്യത്തേക്കാൾ വലിയ സന്തോഷം എനിക്കില്ല

**തോമസ് ഫിലിപ്പ് റാന്നി**

**വ്യ**ക്തിപരവും, കുടുംബ, സാമൂഹ്യ, രാഷ്ട്രീയ കലാസാഹിത്യ സാംസ്ക്കാരിക, മതവിശ്വാസ ജീവിതരംഗങ്ങളിൽ മലയാളിക്ക് ഇന്ന് സത്യവും നീതിയും ധർമ്മബോധവുമില്ല. തട്ടിപ്പും അഴിമതിയും അശുദ്ധിയും അക്രമവും കാപട്യവും ചതിയും വഞ്ചനയും അസൂയയും കൊണ്ട് മലീമസമായിരിക്കുന്നു ഇന്നവന്റെ അന്തരംഗം. മുഴുവൻ മലയാളികളെയും ഞാൻ ഇക്കൂട്ടത്തിൽപ്പെടുത്തുന്നില്ല. 90 ശതമാനം മലയാളികളും കപടഹൃദയരായി ജീവിക്കുന്നവരാകുന്നു. അധികം മനുഷ്യരും സ്വകീയജീവിതത്തിലും ആത്മീയജീവിതത്തിൽപ്പോലും സത്യവും നീതിയും ആത്മശുദ്ധിയും പാലിക്കാതെ വെറും മതഭക്തിയിൽ ജീവിക്കുന്നവരാകുന്നു. അങ്ങനെയുള്ളവർക്കാണ് ഇന്ന് ആരാധകരും ഏറെയുള്ളത്. കാപട്യം നിറഞ്ഞ ലോകത്തിൽ ആത്മാർത്ഥതയുള്ള ഒരു ഹൃദയമുണ്ടായതാണ് തന്റെ പരാജയം എന്ന് ചങ്ങമ്പുഴയും എഴുതിയിട്ടുണ്ടല്ലോ. മൗനവും മഹത്വവും പരവതാനി സ്വീകരണങ്ങളും പൊന്നാടയണിയിക്കലുകളുമുള്ളതാകുന്നു. കൊട്ടേഷൻ ജനപ്രിയ നടനും ജലന്തർ ബിഷപ്പുമൊക്കെ ഇതിനുത്തമ ഉദാഹരണങ്ങൾ തന്നെയാകുന്നു. ഇവർക്ക് കുറ്റബോധവും അശ്ശേഷമില്ലല്ലോ.

മനുഷ്യൻ ജന്മനാൽ നല്ലവനാകുന്നു എന്നുള്ളതാകുന്നു സത്യം. സോളമൻ പറഞ്ഞു ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു എന്ന്. (സഭാ. 7:29). മനുഷ്യചരിത്രം പഠിച്ചിട്ടുള്ളവർ ഇത് സത്യമാകുന്നു എന്ന് സമ്മതിക്കും. മലയാളിയെപ്പോലെ സ്വാർത്ഥനിഷ്ഠനും, കുതന്ത്രനും, സ്വന്തം ഇഷ്ടങ്ങളെയും സുഖങ്ങളെയും മാത്രം കേന്ദ്രീകരിച്ച് ജീവിക്കുന്നവനുമായ മറ്റൊരു ജീവിയും ഭൂമിയിൽ ഇല്ല. ഇത് സത്യമാണോ മിഥ്യയാണോന്നറിയുന്നതിന് പ്രത്യേക ഗവേഷണമൊന്നും നടത്തേതില്ല. ദിനംതോറും കേരളത്തിൽ നിന്നും വന്നുകൊണ്ടിരിക്കുന്ന പത്രവാർത്തകൾ വായിച്ചാൽ മാത്രം മതിയതിന്.

കേരളത്തിൽ മലയാളികൾ ചെയ്തുകൊണ്ടിരിക്കുന്ന നീചപ്രവൃത്തികളുടെയും സ്ത്രീപീഡനങ്ങളുടെയുമൊക്കെ 10 ശതമാനം പോലും പുറത്താരുമറിയുന്നില്ല എന്നുള്ളതാണ് സത്യം. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ എണ്ണീറ്റു നടക്കാൻ വയ്യാത്ത അമ്മൂമ്മമാരെ വരെ ദൈവത്തിന്റെ നാട്ടിലെ അഭ്യസ്തവിദ്യരായ മലയാളികൾ ബലാൽക്കാരം ചെയ്യുന്നു. ഒടുവിൽ കൊലയും ചെയ്യുന്നു. മദ്യലഹരിയിൽ കേരളത്തിലെ ഒരു പൊന്നുമോൻ മാതാവിനെ കഴുത്തുഞെരിച്ച് കൊന്നു. കേരളത്തിലെ മദ്യപാനികളായ അച്ഛന്മാർ സ്വന്തം മോളുമാരെ വരെ ബലാൽക്കാരം ചെയ്യുന്നു. പുറത്തുപറയാൻ കൊള്ളാത്തതുകൊണ്ട് പലരും ഈ നീചപീഢനങ്ങൾ സഹിച്ച് ജീവിക്കുന്നു. സമൂഹത്തിൽ എത്ര യോഗ്യന്മാർ! മാന്യന്മാർ മലയാളികൾ! കൗമാരപ്രായം പോലുമാകാത്ത ഒരു പെൺകുട്ടിയെ ബലാൽക്കാരം ചെയ്ത് ഗർഭിണിയാക്കി പ്രസവിപ്പിച്ച കേസിലെ പ്രതി ഒരു വൈദികൻ കേരളത്തിലെ ഒരു ജയിലിൽ കിടക്കുന്നു. വിവാഹം കഴിച്ച് ജീവിക്കുന്നതോ അതോ വ്യഭിചാരവും ചെയ്ത് സന്യാസജീവിതം നയിക്കുന്നതോ വിശുദ്ധം? തിരുത്തേണ്ടതായ പാപങ്ങൾ തിരുത്തേണ്ടതല്ലേ?

കേരളത്തിൽ എത്രയോ ഭാര്യമാർ കൊല ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു! എത്രയോ ഭർത്താക്കന്മാരെ മലയാളി ഭാര്യമാർ കാമുകന്മാർക്കു വേണ്ടി ചതിച്ചുകൊല ചെയ്തുകൊണ്ടിരിക്കുന്നു! സ്ത്രീ ശാരീരികമായി അബലയാണെങ്കിലും മാനസികമായി അവൾ അബലയല്ല. ഒന്ന് ചെയ്യണമെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ ഏത് ചതിയും കൊലയുമാണെങ്കിലും അതു ചെയ്യുവാൻ ഉരുക്കുപോലെ ഉറച്ച ഒരു ഹൃദയമവൾക്കുണ്ട്! ആണുങ്ങൾ ഇതുകൂടി അറിഞ്ഞിരുന്നാൽ കൊള്ളാം. ആണുങ്ങളും അത്ര സുകൃതാത്മാക്കളുമല്ലല്ലോ.

2015 ഒക്ടോബർ 15-ന് ഓസ്ട്രേലിയയിലെ മെൽബോണിൽ വെച്ച് പുനലൂർക്കാരൻ ശുദ്ധനായ ഒരു സാം ഏബ്രഹാമിനെ ഭാര്യ സോഫിയായും മലയാളി കാമുകനായ അരുൺ കമലാസനും കൂടി ഓറഞ്ച് ജ്യൂസിൽ സയനൈഡ് കലർത്തിക്കൊടുത്ത് കൊന്നു. ഇത്രയ്ക്ക് ക്രൂരമായ മറ്റൊരു കേസും തന്റെ നീതിനിർവ്വഹണജീവിതത്തിൽ കാണാൻ കഴിഞ്ഞിട്ടില്ലെന്നായിരുന്നു വിധി പറയുന്നതിനിടയിൽ ഓസ്ട്രേലിയൻ ജഡ്ജി എടുത്തുപറഞ്ഞത്. ഭർത്താവിനെ ചതിച്ചുകൊന്നിട്ട് കാമുകന്റെ കൂടെ ജീവിച്ച് കൂടുതൽ സുഖിയ്ക്കാൻ വഴി ഒരുക്കിയ പൊന്നുമോൾ സോഫിയ

ഇപ്പോൾ ഓസ്ട്രേലിയൻ ജയിലിൽ സുഖവാസം നയിക്കുന്നു! പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും എന്നൊരു പഴഞ്ചൊല്ല് മലയാളത്തിലുണ്ടല്ലോ. എന്തെല്ലാം അടികൾ കിട്ടിയാലും മാറ്റം വരാത്തവനാണ് മലയാളി! മുമ്പ് ഈ വർഷം തന്നെ ഒരു അമേരിക്കൻ മലയാളി നേഴ്സും തന്റെ അമേരിക്കൻ കാമുകനെ സ്വന്തമാക്കാൻ വേണ്ടി നടത്തിയ ഈ ദൃശ്യമായൊരു ക്വൊട്ടേഷനും പൊട്ടി പിടിക്കപ്പെട്ട് ഇപ്പോൾ അമേരിക്കൻ ജയിലിലുണ്ട്. ഭാര്യയുടെ പേരിലുള്ള വലിയ ഒരു ഇൻഷുറൻസ് തുക കൈവശപ്പെടുത്തുവാൻ വേണ്ടി ഭാര്യയെ ക്വൊട്ടേഷനിലൂടെ കൊല ചെയ്യാനായി തയ്യാറാക്കി പദ്ധതി പോലീസിനാൽ പിടിക്കപ്പെട്ട മറ്റൊരു പുന്നാരക്കുട്ടൻ മലയാളിയും പല വർഷങ്ങളായി ഇപ്പോൾ അമേരിക്കൻ ജയിലിൽ കിടക്കുന്നു.

ഇത് ക്വൊട്ടേഷൻ കാലമാണല്ലോ. കേരളത്തിൽ നിന്നും ഉടനെകിട്ടിയ പാളിപ്പോയ മറ്റൊരു ക്വൊട്ടേഷൻ കഥ കൂടി പറഞ്ഞുകൊണ്ട് ഞാൻ ഇതിവിടെ ഉപസംഹരിച്ചുകൊള്ളാം. തൃശൂർ സ്വദേശിനി ഒരു സുജാത തന്റെ കാമുകനോടൊത്ത് ജീവിക്കാൻ വേണ്ടി ഭർത്താവ് കൃഷ്ണകുമാറിനെ കൊല്ലുവാൻ കാമുകനോട് ചേർന്ന് ആസൂത്രണം ചെയ്ത ക്വൊട്ടേഷൻ കൊലപാതകവും പരാജയപ്പെടട് ഭാര്യയെയും കാമുകനെയും പോലീസ് അറസ്റ്റ് ചെയ്തെന്ന് വാർത്ത 5-6 ദിവസം മുൻപായി മാതൃഭൂമിയിലൂടെ ഞാൻ വായിക്കുകയുണ്ടായി. ജഡസുഖത്തിനുവേണ്ടി സ്വന്തം ഭാര്യയേയോ ഭർത്താവിനെയോ സ്വന്തം മക്കളെയോ കൊല ചെയ്യാൻ മലയാളിക്ക് ഇന്ന് യാതൊരു വിഷമവും ഇല്ല! തിന്മ മനുഷ്യനെ നശിപ്പിക്കുന്നു. അത് മറ്റുള്ളവരുടെ നാശത്തിന് കളമൊരുക്കുന്നു എന്നുള്ളത് സത്യമെങ്കിൽ-അത് ദൈവത്തിന് അനിഷ്ടവുമാകുന്നു എന്ന് വിശ്വസിക്കുകയും ചെയ്യുന്നെങ്കിൽ തിന്മ ചെയ്യുന്നത് നാം മതിയാക്കണം. ആരെയും നാം ദ്രോഹിക്കുകയും അരുത്.

ജീവിതത്തിൽ യഥാർത്ഥമായ സുഖവും സന്തോഷവും സമാധാനവും അനുഭവിച്ച് ജീവിക്കണമെന്നാഗ്രഹിക്കുന്നവർ സത്യവും നീതിയും പ്രവർത്തിച്ച് ജീവിക്കണം. മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ നന്മ സത്യം തന്നെയാകുന്നു. 'സത്യമേവജയതേ' എന്ന പരിശുദ്ധ സൂക്തം ഹൃദയത്തലിൽ പ്രതിഷ്ഠിക്കുവാൻ അമേരിക്കൻ മലയാളികൾക്കും ആഗോള മലയാളികൾക്കും ജാതി മതഭേദമന്യേ കഴിയട്ടെ എന്ന് ഞാൻ ഇവിടെ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. 'എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല' എന്ന് സർവ്വേശ്വരനും നമ്മോട് പറയുന്നു. നാം ഇന്ന് ജീവിക്കുന്നത് ഈ അനശ്വരവും ആനന്ദസന്ദായകവുമായ സത്യത്തിൽ തന്നെയോ?